**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5123** **02-11-2021 - ൽ മറുപടിയ്ക്ക്**

**വാഴകൃഷി ചെയ്യുന്നതിന് സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെറുകിട, ഇടത്തരം കർഷകർക്ക് വാഴകൃഷി ചെയ്യുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ ഉൾപ്പെടുത്തി വാഴയുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുന്നതിനും, മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകി വരുന്നു. വിള വിസ്തൃതി വ്യാപനത്തിന് ഹെക്ടറൊന്നിന് 26250/-രൂപ ധനസഹായം നൽകുന്നു. ഇപ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിനുള്ള ധനസഹായം ടി പദ്ധതി മുഖേന ലഭിക്കും. ഈ സാമ്പത്തിക വർഷം 520 ഹെക്ടറിൽ വാഴയുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കി വരുന്നു. കൂടാതെ ടിഷ്യുകൾച്ചർ വാഴയുടെ വിളവിസ്തൃതി വ്യാപനം ഹെക്ടറൊന്നിന് 37500/-രൂപ എന്ന നിരക്കിൽ 80 ഹെക്ടറിൽ നടപ്പിലാക്കി വരുന്നു. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, എം.ഐ.ഡി.എച്ച്. പദ്ധതിയിൽ നടപ്പിലാക്കി വരുന്ന ഫലവർഗ്ഗ വിളകളുടെ വികസന പദ്ധതിക്കുള്ള കേന്ദ്ര വിഹിതം പരിമിതമായതിനാലും കൂടുതൽ കർഷകരെ വാഴ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി ടിഷ്യുകൾച്ചർ വാഴ കൃഷിക്ക് ഹെക്ടറൊന്നിന് (തുള്ളിനന ഇല്ലാതെ) 37500/- രൂപയും, വാഴകൃഷിക്ക് ഹെക്ടറൊന്നിന് 7572/- രൂപയും അധിക ധനസഹായം നൽകി വരുന്നു. 2021-22 ലെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ “സ്ട്രെങ്ത്തനിംഗ് ഓഫ് വാല്യു ചെയിൻ ഓഫ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ് ബൈ അഡോപ്ഷൻ ഓഫ് ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസസ്”എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 6000 ഹെക്ടറിൽ വാഴയുടെ വിളവിസ്തൃതി വ്യാപനം |

| | | | |
|---|---|---|---|
| | | | ഹെക്ടറൊന്നിന് 26250/- രൂപ സബ്സിഡിയോടു കൂടി ഈ വർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |
| (ബി) | വാഴക്കുലയുടെ, പ്രത്യേകിച്ച് നേന്ത്രവാഴക്കുലയുടെ വിലയിടിവ് പ്രസ്തുത കർഷകരെ കടുത്ത ദുരിതത്തിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വാഴക്കുലയുടെ, പ്രത്യേകിച്ച് നേന്ത്രവാഴക്കുലയുടെ വിലയിടിവ് പ്രസ്തുത കർഷകരെ കടുത്ത ദുരിതത്തിലാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കോവിഡ്-19 രൂക്ഷമായ സമയത്ത് വാഴക്കുലകൾ വിൽക്കാൻ പറ്റാത്ത സാഹചര്യം അനുഭവപ്പെടുകയും തന്മൂലം കർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുകയും ചെയ്തു. സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചതിൻപ്രകാരം ഇവ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. നേന്ത്രൻ കിലോയ്ക്ക് 30 രൂപയും വയനാടൻ നേന്ത്രൻ കിലോയ്ക്ക് 24 രൂപയുമാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിരുന്നത്. 4398 നേന്ത്രൻ/ വയനാടൻ നേന്ത്രവാഴ കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം 6.39 കോടി രൂപ നൽകിയിട്ടുണ്ട്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു വിപണനം നടത്തി വരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂക്ഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന വിപണിയാണ് നഗര വഴിയോര കാർഷിക വിപണികൾ. ഇതുപ്രകാരം ആകെ 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതുവഴിയെല്ലാം വാഴക്കുല വിറ്റഴിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | വാഴക്കുല സംഭരണ വിപണന മേഖലയിൽ പ്രത്യേകിച്ച് ലോക്ക് ഡൗൺ കാലത്ത് നടത്തിയ ഇടപെടലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; | (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വാഴക്കുലയുടെ, പ്രത്യേകിച്ച് നേന്ത്രവാഴക്കുലയുടെ വിലയിടിവ് പ്രസ്തുത കർഷകരെ കടുത്ത ദുരിതത്തിലാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കോവിഡ്-19 രൂക്ഷമായ സമയത്ത് വാഴക്കുലകൾ വിൽക്കാൻ പറ്റാത്ത സാഹചര്യം അനുഭവപ്പെടുകയും തന്മൂലം കർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുകയും ചെയ്തു. സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചതിൻപ്രകാരം ഇവ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. നേന്ത്രൻ കിലോയ്ക്ക് 30 രൂപയും വയനാടൻ നേന്ത്രൻ കിലോയ്ക്ക് 24 രൂപയുമാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിരുന്നത്. 4398 നേന്ത്രൻ/ വയനാടൻ നേന്ത്രവാഴ കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം 6.39 കോടി രൂപ നൽകിയിട്ടുണ്ട്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു വിപണനം നടത്തി വരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂക്ഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന വിപണിയാണ് നഗര വഴിയോര കാർഷിക വിപണികൾ. ഇതുപ്രകാരം ആകെ 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതുവഴിയെല്ലാം വാഴക്കുല വിറ്റഴിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | വാഴപ്പഴത്തിൽ അധിഷ്ഠിതമായ വ്യവസായങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും വാഴപ്പഴത്തിൽ നിന്നും പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | വാഴപ്പഴത്തിൽ അധിഷ്ഠിതമായ സൂക്ഷ്മ, ചെറുകിട ഇടത്തരം ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എസ്.എഫ്.എ.സി. കേരളയുടെ പദ്ധതി പ്രകാരം കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി മൂലധന നിക്ഷേപത്തിന്റെ 30% മുതൽ 50% വരെ പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നുണ്ട്. പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, ഓഫീസ് ഉപകരണങ്ങൾ, പാക്കിംഗ് യന്ത്രങ്ങൾ വാങ്ങുക, ടെക്നോളജി വാങ്ങുക, മൂല്യവർദ്ധന പരിശീലനങ്ങളിൽ പങ്കെടുക്കുക എന്നിവയ്ക്കായി സബ്സിഡി നൽകുന്നു. കിഫ്ബി (KIIFB) യുടെ സഹായത്തോടെ ആരംഭിക്കുന്ന അഗ്രോപാർക്കുകളിൽ ഏത്തപ്പഴം/തേൻ അധിഷ്ഠിത അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിൽ കണ്ണാറ കൃഷി ഫാമിൽ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. 25.13 കോടി രൂപയാണ് ഇതിനു വകയിരുത്തിയിട്ടുള്ളത്. കൂടാതെ എസ്.എഫ്.എ.സി ,വി.എഫ്.പി.സി.കെ. മുഖേന തുടങ്ങുന്ന വാഴ അധിഷ്ഠിത എഫ്.പി.ഒ. കളുടെ രൂപീകരണവും പുരോഗമിക്കുന്നു. വാഴ ഉൾപ്പെടെയുള്ള കാർഷിക വിളകളുടെ വിളവെടുപ്പാനന്തര പരിപാലന പ്രവർത്തനങ്ങൾക്കും എം.ഐ.ഡി.എച്ച് മുഖേന ധനസഹായം നൽകി വരുന്നുണ്ട്. കൃഷിയിടങ്ങളിൽ നിന്നും വാഴപ്പഴം കേടു കൂടാതെ സംഭരണ സംസ്കരണ വിപണന ശാലകളിൽ എത്തിക്കുന്നതിന് റീഫർ വാൻ വാങ്ങുന്നതിനും, പ്രൈമറി/മൊബൈൽ/ മിനിമൽ പ്രൊസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, പായ്ക്ക് ഹൗസ് പ്രിസർവേഷൻ യൂണിറ്റ്, സംയോജിത പായ്ക്ക് ഹൗസ്, പ്രീ കൂളിംഗ് യൂണിറ്റ്, കോൾഡ് റൂം (സ്റ്റേജിംഗ്), മൊബൈൽ പ്രീ കൂളിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ